# File No.LSGD-EPB3/401/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പൂഴാതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി മുഹമ്മദ് ഷെഫീക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1275/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 25/04/2012 ലെ ഡി8/13902/10 നമ്പർ ഉത്തരവ്.

2 ശ്രീ.പി.കെ മുഹമ്മദ് ഷഫീക്കിന്റെ 30/11/2019 ലെ അപ്പീൽ അപേക്ഷ

**<u>ഉത്തരവ്</u>**

ശ്രീ.കെ.പി.മുഹമ്മദ് ഷെഫീക്ക് പൂഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു ടിയാനെതിരെയുള്ള അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു എന്നും ടി ശിക്ഷ കഠിന ശിക്ഷയായതിനാൽ ആയതു ചുമത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ല എന്നും ആരോപിച്ച പരാമർശം (2) പ്രകാരം ശ്രീ.കെ.പി.മുഹമ്മദ് ഷെഫീക്ക് സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപ്പീൽ അപേക്ഷയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച ശിക്ഷണ നടപടിയായ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ മേജർ പെനാലിറ്റി വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത ശിക്ഷ ചുമത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ല എന്നും ടിയാൻ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥൻ (പഞ്ചായത്ത് സെക്രട്ടറി) ആയതിനാൽ കഠിന ശിക്ഷ ചുമത്താൻ സർക്കാരിനു മാത്രമേ അധികാരമുള്ളൂ എന്നും കൂടാതെ പ്രസ്തുത കഠിന ശിക്ഷ ചുമത്തുന്നതിനു മുൻപ് KPSC യുടെ അനുമതി തേടിയിട്ടില്ല എന്നും ആയതിനാൽ പ്രസ്തുത ശിക്ഷണ നടപടി നിലനിൽക്കുന്നതല്ല എന്നും ടിയാന് തടഞ്ഞു വച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും പുനഃസ്ഥാപിച്ച നൽകണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന്റെ അപ്പീലിൽ പറഞ്ഞ പ്രകാരം ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു തീർപ്പാക്കിയ നടപടി കഠിന ശിക്ഷണ നടപടികളുടെ വിഭാഗത്തിൽ വരുന്നില്ല. ആയതിനാൽ ടി നടപടിക്ക് KPSC യുടെ അനുമതി ആവശ്യമില്ല. ഉത്തരവിന്റെ തീയതി മുതൽ 2 മാസത്തിനകം അപ്പീൽ അപേക്ഷ സമർപ്പിക്കണമെന്നിരിക്കെ ടിയാൻ പഞ്ചായത്ത് ഡയറക്ടറുടെ 25.04.2012 ലെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത് ഏകദേശം 7 വർഷത്തിന് ശേഷം 2019 ൽ ആണ്. ഇത്രയും നീണ്ട കാലതാമസത്തിന് യാതൊരു കാരണവും ചൂണ്ടിക്കാട്ടിയിട്ടുമില്ല. എന്നു മാത്രമല്ല ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ചയോ/ അലംഭാവമോ ഉണ്ടായിട്ടില്ല എന്നത് തെളിയിക്കാൻ യാതൊരു രേഖകളും സമർപ്പിച്ചിട്ടുമില്ല. സർവോപരി അപ്പീലിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ നിയമപരമായി നിലനിൽക്കുന്നതുമല്ല. മേൽ വസ്തുതകൾ പരിശോധിച്ചതിൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചു ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

File No.LSGD-EPB3/401/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ.പി.മുഹമ്മദ് ഷെഫീക്ക്, പൂഴാതി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 06-07-2021 17:43:54
Reason: Approved